## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ** **25/01/2018-ൽ മറുപടിയ്ക്ക്.**

**ചോദ്യം നമ്പർ** *69

## ഗോവർദ്ധിനി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.കെ. കുഞ്ഞിരാമൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം പ്രാപ്യമാകുംവിധം പ്രതികൂല കാലാവസ്ഥയിലും വൻ പുരോഗതി കൈവരിക്കാൻ സാധ്യമാക്കുന്നതിൽ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) 1) ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നും കർഷകർക്ക് ലഭിച്ചിരുന്ന വില ശാസ്ത്രീയമായി പരിഷ്കരിച്ചു.<br><br>2) സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 1/-രൂപ പ്രകാരം കാലിത്തീറ്റ ധനസഹായം അനുവദിച്ചു.<br>3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിത ത്തിൽ നിന്ന് ലിറ്ററിന് 4/-രൂപ വരെ കർഷകർക്ക് ധനസഹായം അനുവദിച്ചു<br>4) പുതിയ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നിലവിലുള്ളവ ശാക്തീകരിക്കുന്നതിനുമായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ഡെയറി സോൺ, ക്ഷീരഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കി.<br>5) കറവക്കാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും കറവയന്ത്രം, മറ്റ് ജോലികൾ ലഘൂകരിക്കുന്ന തിനാവശ്യമായ മെക്കനൈസേഷൻ എന്നിവയ്ക്കായി അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി നടപ്പിലാക്കി.<br>6) തീറ്റപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ പ്രദേശങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിച്ചു. കൂടാതെ തരിശ് നിലങ്ങളിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനായി പ്രത്യേക പദ്ധതിയും നടപ്പിലാക്കി. |

7)വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ പരിഷ്കരിച്ച് നടപ്പിലാക്കി.
8)വിപണനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾക്ക് കൂടുതൽ ധനസഹായം അനുവദിക്കുകയും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുകയും ചെയ്തു.
9) ക്ഷീരകർഷകരുടെ കടം എഴുതിത്തള്ളി
10) വരൾച്ച നേരിടുന്നതിനായി അടിയന്തിര സഹായം അനുവദിച്ചു. ഈ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിയതിലൂടെയാണ് പ്രതികൂല സാഹചര്യത്തിലും ക്ഷീരോല്പാദക മേഖലയിൽ വൻ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞത്.

മിൽമയുടെ കീഴിലുള്ള മൂന്ന് മേഖലാ യൂണിയനുകൾ (തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ) പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി വൈവിധ്യമാർന്ന തരത്തിലുള്ളപദ്ധതികൾ നടപ്പിലാക്കി വരുന്നു.
11) മൃഗങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി 85 ബ്ലോക്കുകളിൽ രാത്രികാല വെറ്ററിനറി സർവ്വീസ് യൂണിറ്റുകൾ ആരംഭിച്ചു.

ബി) ക്ഷീരകൃഷി സാമ്പത്തികമായി ആകർഷകമാക്കുന്നതിനുള്ള പദ്ധതികൾ എന്തെല്ലാമാണ്;

- മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ക്ഷീരവികസന വകുപ്പ് മുഖേനയുമുള്ള പദ്ധതികൾ പ്രകാരം ലിറ്ററിന് പരമാവധി 4/-രൂപ ക്രമത്തിൽ മിൽക്ക് ഇൻസന്റീവ്.
- അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി.
- കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം.

(സി) ഗോവർദ്ധിനി പദ്ധതിയുടെ ലക്ഷ്യവും അതിൽ എത്ര പുരോഗതി സാധ്യമായിട്ടുണ്ടെന്നതിന്റെ വിശദാംശവും നൽകാമോ ?

ഗോവർദ്ധിനി പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

- പശുക്കുട്ടികൾക്ക് സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ നൽകുക.
- ആദ്യ മദി കാണിക്കുന്ന പ്രായം 15 മാസമായി കുറയ്ക്കുക.
- ആദ്യ പ്രസവത്തിന്റെ പ്രായം 24 -26 മാസമായി കുറയ്ക്കുക
- പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക
- പശുക്കുട്ടികളുടെ ജനിതക മൂല്യം പൂർണ്ണമായും പ്രയോജനപ്പെടുത്തുക
- അത്യുൽപ്പാദന ശേഷിയുള്ള പശുക്കളുടെ പുതുതലമുറയെ സൃഷ്ടിക്കുക
- ആത്യന്തികമായി സംസ്ഥാനത്തെ പാലുൽപാദനം വർദ്ധിപ്പിക്കുക.

- പശുകുട്ടികളുടെ ജനിതക ശേഷി പൂർണ്ണമായും പ്രകടമാക്കുന്നതിനാണ് മേൽ പദ്ധതി നിമിത്തമാകുന്നത്. 2017- 18 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പ്രകാരം 14448 കന്നുകുട്ടികളെ പദ്ധതിയിൽ ചേർക്കുവാൻ ലക്ഷ്യമിട്ടിരുന്നതിൽ ഇതിനോടകം 14352 കന്നുകുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ